**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1216** **07-12-2022 - ൽ മറുപടിയ്ക്ക്**

**നബാർഡ് മുഖേന നടപ്പാക്കിയിരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ മേഖലയിൽ ചെറുകിട നാമമാത്ര കർഷകർക്കായി നബാർഡ് മുഖേന നടപ്പാക്കിയിരുന്ന പദ്ധതികൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികളാണ് നിർത്തലാക്കിയത് ; വിശദാംശം നൽകുമോ; | (എ) | മൃഗസംരക്ഷണ മേഖലയിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയതായി കേന്ദ്ര സർക്കാർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ നബാർഡ് വഴി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡയറി എന്റർപ്രനർഷിപ്പ് ഡെവലപ്പ്മെന്റ് സ്കീം (DEDS), നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിലുള്ള എന്റർപ്രനർഷിപ്പ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് ജനറേഷൻ (EDEG) എന്നീ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത നടപടിമൂലം ബുദ്ധിമുട്ടിലായ കർഷകരെ സഹായിക്കുന്നതിനായി എന്തൊക്കെ ബദൽ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | നബാർഡ് മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ നിർത്തലാക്കിയതായി ഔദ്യോഗികമായി അറിയിപ്പുണ്ടായിട്ടില്ല. കൂടാതെ ആയതിനു ബദൽപദ്ധതികൾ ഒന്നുംതന്നെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടില്ല.<br><br>നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിൽ പുതിയതായി ആരംഭിച്ച ആട്, പന്നി, കോഴി വളർത്തൽ മേഖലയിലെ കർഷകർക്കുള്ള സംരംഭകത്വ വികസന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്. |
| (സി) | പ്രസ്തുത ബദൽ പദ്ധതികൾ പ്രകാരം നാളിതുവരെ എത്ര പേർക്ക് ഏതൊക്കെ പദ്ധതിയിൽ എത്ര രൂപയുടെ സഹായം നൽകിയെന്നുള്ള വിവരം ജില്ല തിരിച്ച ലഭ്യമാക്കുമോ? | (സി) | നബാർഡ് മുഖേന നടപ്പിലാക്കിയിരുന്ന പദ്ധതികൾ നിർത്തലാക്കിയതായി ഔദ്യോഗികമായി അറിയിപ്പുണ്ടായിട്ടില്ല. കൂടാതെ ആയതിനു ബദൽപദ്ധതികൾ ഒന്നുംതന്നെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടില്ല.<br><br>നാഷണൽ ലൈവ്സ്റ്റോക്ക് മിഷനു കീഴിൽ പുതിയതായി ആരംഭിച്ച ആട്, പന്നി, കോഴി |

| | | | |
|---|---|---|---|
| | | | വളർത്തൽ മേഖലയിലെ കർഷകർക്കുള്ള സംരംഭകത്വ വികസന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ